# തിരുവനന്തപുരം ജില്ലാ മജിസ്ട്രേറ്റിന്റെ നടപടിക്രമം

(ഹാജർ : ബിജു പ്രഭാകർ ഐ.എ.എസ്.)

എസ്.9–54315/2014 തീയതി: 23/09/2014

---

വിഷയം: ശബ്ദ മലിനീകരണ നിയന്ത്രണത്തിനുള്ള ജില്ലയിലെ പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം: 1.ബഹു. സുപ്രീംകോടതിയുടെ ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ ) Vs കെ.കെ.ആർ. മജസ്റ്റിക് കോളനി വെൽഫയർ അസോസിയേഷൻ എന്ന കേസിലെ തീയതി 30.08.2000–ലെ വിധിയും, ബഹു. കേരള ഹൈക്കോടതിയുടെ 21.01.2013–ലെ വിധിയും, CWP (C) No. 211/2012.

2. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2000–ലെ ശബ്ദ മലിനീകരണം (ക്രമീകരണവും, നിയന്ത്രണവും) ചട്ടങ്ങൾ.

3. 2011–ലെ കേരള പോലീസ് നിയമത്തിലെ 77,80 വകുപ്പുകൾ.

4. 1973ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 143–ാം വകുപ്പ്.

തിരുവനന്തപുരം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ വ്യാപകമായ തോതിൽ വ്യക്തികളും, രാഷ്ട്രീയ പാർട്ടികളും, സാമൂഹിക സാംസ്കാരിക പ്രസ്ഥാനങ്ങളും, മത സ്ഥാപനങ്ങളും, പൊതു സമൂഹത്തിന്റെ സ്വൈരജീവിതത്തിന് ശല്യവും അരോചകവുമുണ്ടാക്കുന്ന രീതിയിൽ വ്യാപകമായും, അനിയന്ത്രിതമായും ഉച്ചഭാഷിണികൾ, മൈക്രോഫോണുകൾ, വാദ്യോപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. അവ കോടതി വിധികളിലൂടെയും, നിയമത്തിലൂടെയും നിർദ്ദേശിച്ചിട്ടുള്ള സമയ–ശബ്ദ പരിധി ലംഘിക്കപ്പെടുന്നതായി പൊതുജനങ്ങളിൽ നിന്നും നേരിട്ടും, മറ്റു അധികാര സ്ഥാനങ്ങൾ വഴിയും വിവരം ലഭിച്ചിട്ടുണ്ട്. അന്വേഷിച്ചതിൽ പരാതിക്കാധാരമായ ഗുരുതരമായ സ്ഥിതിവിശേഷം ജില്ലയിൽ ഉടനീളം നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ഇത്തരത്തിലുള്ള നിയമലംഘനം ഫലപ്രദമായി നിയന്ത്രിക്കാത്തതു കാരണം പൊതുജനങ്ങൾക്ക് പൊതുവായും, രോഗികൾ, വൃദ്ധജനങ്ങൾ, വിദ്യാർത്ഥികൾ മുതലായവർക്ക് പ്രത്യേകിച്ചും, നിരന്തരമായി ശല്യമുണ്ടാകുന്നതായും അവരുടെ ദൈനംദിന സ്വൈരജീവിതത്തിന് ബുദ്ധിമുട്ട് ഉണ്ടാകുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വിദ്യാലയങ്ങൾ, ആതുരാലയങ്ങൾ എന്നിവയ്ക്ക് ഇതുമൂലം പ്രശ്നങ്ങൾ ഉള്ളതായും കവലകളിൽ ഗതാഗത നിയന്ത്രണത്തിന് അധികാരികൾക്ക് ബുദ്ധമുട്ട് ഉണ്ടാകുന്നതിനൊപ്പം ശബ്ദ മലിനീകരണം കാരണം കവലകളിൽ/റോഡുകളിൽ അപകടങ്ങൾ കൂടിവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശബ്ദ മലിനീകരണം

നിയന്ത്രിക്കുന്നതിനായി ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലയിൽ കാര്യക്ഷമമായി പാലിക്കപ്പെടുന്നില്ല എന്ന് വ്യക്തമായിരിക്കുന്നു. ഇത്തരം നിയമ ലംഘനം ജില്ലയിലുടനീളം സർവ്വ സാധാരണമായി മാറിയിരിക്കുന്നു. ബഹു. കോടതിയുടെ സാമൂഹ്യ പ്രസക്തിയുള്ള ഈ നിർദ്ദേശങ്ങൾ ശബ്ദ മലിനീകരണം ഉണ്ടാക്കന്നവരുടേയും, ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് അടിയന്തിരമായി തീർന്നിരിക്കുന്നു.

ബഹു. സുപ്രീം കോടതിയുടെയും, ബഹു. ഹൈക്കോടതിയുടെയും മേൽ സൂചന ഉത്തരവ് പ്രകാരം അതാത് ജില്ലാ മജിസ്ട്രേറ്റിനെ, ഉച്ചഭാഷിണി മുതലായ ശബ്ദോപകരണങ്ങൾ തുടങ്ങിയവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനും, ആവശ്യമായ വ്യവസ്ഥകൾ ഏർപ്പെടുത്താൻ, ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുസമാധാനവും, പൊതുജനാരോഗ്യവും സംരക്ഷിക്കുന്നതിനായി സംസ്ഥാന പോലീസ് ആക്ട് മുതലായ നിയമങ്ങൾ ഉപയോഗിക്കാവുന്നതാണ് എന്നും നിലവിൽ വ്യവസ്ഥയുണ്ട്. പൗരന്മാർക്ക് സമാധാനപരമായി ദൈനംദിന ജീവീതം നയിക്കാനുള്ള അവകാശങ്ങൾ ഉണ്ടെന്നും അവ സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ ചുമതലപ്പെട്ടവരാണ്. അഥവാ ഉച്ചഭാഷിണി ഉപയോഗത്തിന് അനുമതി നൽകുന്ന പക്ഷം അധികാര കേന്ദ്രങ്ങൾ ആയത് പൊതു സമാധാനം സംരക്ഷിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ് എന്നും ഉത്തരവായിട്ടുണ്ട്. സമ്മേളനങ്ങൾ, സാംസ്കാരിക പരിപാടികൾ മുതലായവയിൽ അത് പങ്കെടുക്കുന്നവർക്കു കേൾക്കാൻ തരത്തിൽ മാത്രം ഉച്ചഭാഷിണികൾ ഉപയോഗിക്കേണ്ടതാണെന്നും അനിയന്ത്രിതമായി ശബ്ദം ഉയരുന്നത് അനുവദിക്കാൻ പാടില്ലായെന്നും ബഹു. കോടതി ഉത്തരവായിട്ടുണ്ട്. ഉച്ചഡാഷണികൾ കൈകാര്യം ചെയ്യുന്ന വ്യക്തികൾ സ്ഥാപനങ്ങൾ അല്ലെങ്കിൽ അവ വിൽക്കുന്നവർ ശബ്ദം സാങ്കേതികമായി നിയന്ത്രിക്കേണ്ടതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടു മാത്രം ഇത്തരം ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുകയോ, വിൽക്കുകയോ ചെയ്യാൻ പാടുള്ളുവെന്ന് ബഹു. സുപ്രീം കോടതി അസന്നിഗ്ദമായി നിർദ്ദേശിച്ചിട്ടുണ്ട്.

ഓരോ പ്രദേശത്തും ഉച്ചഭാഷിണികൾമൂലം ശബ്ദമലിനീകരണം ഉണ്ടാകുമ്പോൾ ഓരോ പരാതിയിന്മേലും നടപടി സ്വീകരിക്കുന്നതുകൊണ്ട് താല്ക്കാലിക പരിഹാരം മാത്രമേ സാദ്ധ്യമാകുന്നുള്ളു എന്ന് മാത്രമല്ല, പൊതുവായുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുക എന്നത് ഏറെക്കുറെ അപ്രയോഗികവുമായി മാറിയിരിക്കുന്നു. ശബ്ദമലിനീകരണത്തിന് ഉത്തരവാദികളായവരെ നിർണ്ണയിക്കുന്നതിന് സാങ്കേതികമായി സാധിക്കുന്നില്ല എന്നതാണ് നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കാനാകാത്ത

തിനുള്ള ഒരു പ്രധാന കാരണം. ഓരോ പരിപാടികളുടെയും നടത്തിപ്പുകാർ ഇതിന് ഉത്തരവാദികളാണ് എങ്കിലും യഥാർത്ഥത്തിൽ സാങ്കേതികമായി ശബ്ദം ക്രമീകരിക്കുകയും, ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നത് സൗണ്ട് സിസ്റ്റം ഉടമകളോ, വിതരണക്കാരോ, അവരുടെ സഹായികളോ ആണ്. പരിപാടി നടത്തിപ്പുകാർ ശബ്ദക്രമീകരണം സംബന്ധിച്ച ആധുനീക സാങ്കേതിക പരിജ്ഞാനം നേടിയിട്ടില്ലാത്തവരും, അത്തരത്തിൽ യോഗ്യത ആവശ്യമില്ലാത്തവരും ആണ്. തൽഫലമായി കോടതി ഉത്തരവുകൾ പാലിക്കപ്പെടാൻ ബാദ്ധ്യസ്ഥരായവരെ നിർണ്ണയിക്കുന്നതിൽ ആശയക്കുഴപ്പം നിലനിൽക്കുന്നു.

ഈ സാഹചര്യം കണക്കിലെടുത്ത് പൊതുജനങ്ങൾക്ക് ഉച്ചഭാഷിണികൾ പ്രവർത്തക്കുമ്പോഴുണ്ടാകുന്ന ശബ്ദമലിനീകരണം മൂലമുള്ള പൊതുശല്യം ഒഴിവാക്കുന്നതിനും, ശബ്ദമലിനീകരണം നിയന്ത്രണ വിധേയമാക്കുന്നതിനും ബഹു. പരമോന്നത നീതിപീഠത്തിന്റെ ഉത്തരവിന്റെ കാര്യക്ഷമമായ നടത്തിപ്പിനുമായി 1973–ലെ ക്രിമിനൽ നടപടി ചട്ടങ്ങളിലെ ചട്ടം 143 പ്രകാരവും കേരള പോലീസ് ആക്ട് 2011 സെക്ഷൻ 80 മുഖേനയും ജില്ലാ മജിസ്ട്രേറ്റ് എന്ന നിലയിൽ എന്നിൽ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന താൽക്കാലികമായ പൊതു ഉത്തരവ് പുറപ്പെടുവിക്കേണ്ടത് അത്യന്താപേക്ഷിതമാണ് എന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

ബഹു. സുപ്രീം കോടതി, ബഹു. ഹൈക്കോടതി വിധികളും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2000–ലെ ശബ്ദമലിനികരണ (ക്രമീകരണവും നിയന്ത്രണവും) ചട്ടങ്ങളും, 2011–ലെ കേരള പോലീസ് നിയമത്തിലെ 80 വകുപ്പും പ്രകാരം തിരുവനന്തപുരം ജില്ലാ മജിസ്ട്രേറ്റ് ആയ ബിജു പ്രഭാകർ ഐ.എ.എസ്. എന്ന ഞാൻ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉൾക്കൊണ്ടുകൊണ്ട് താഴെപ്പറയുന്ന പ്രകാരം ശബ്ദമലിനീകരണനിയന്ത്രണങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

## ഉത്തരവ്

1. ഉച്ചഭാഷിണികൾ, മൈക്രോഫോൺ, മറ്റ് വാദ്യോപകരണങ്ങൾ എന്നിവ സ്വന്തമാക്കിയിട്ടുള്ള വ്യക്തി / വ്യക്തികൾ, മത സ്ഥാപനങ്ങൾ, പൊതുസാംസ്ക്കാരിക സ്ഥാപനങ്ങൾ തുടങ്ങിയവർ സംഘടന/സ്ഥാപനങ്ങൾ, ഉച്ചഭാഷിണികൾ /മൈക്രോഫോൺ /വാദ്യോപകരണങ്ങൾ മുതലായവ അതാത് തഹസിൽദാരുടെ ഓഫീസിൽ പ്രവർത്തിക്കുന്ന താലൂക്ക് കൺട്രോൾ റൂമുകൾ പ്രവർത്തി

ക്കുന്ന രജിസ്ട്രേഷൻ കേന്ദ്രങ്ങളിൽ 2014 നവംബർ 1 നുമുൻപ് രജിസ്റ്റർ ചെയ്തിരിക്കേണ്ടതും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിരിക്കേണ്ടതുമാണ്.

2. ടി വ്യക്തികൾ / സ്ഥാപനങ്ങൾ ഈ ഉത്തരവിന്റെ അനുബന്ധം –1 പ്രകാരമുള്ള ഫാറത്തിൽ തങ്ങൾ ഉപയോഗിക്കുന്ന എല്ലാ ശബ്ദ ഉപകരണങ്ങളുടെയും പട്ടിക സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും, അതാത് താലൂക്ക് തഹസിൽദാർമാർ ഈ ഉത്തരവിന്റെ അനുബന്ധം –2 ആയി ചേർത്തിട്ടുള്ള മാതൃകയിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

3. ബന്ധപ്പെട്ട പോലീസ് സബ്–ഡിവിഷണൽ ഓഫീസർമാർ (ഡി.വൈ.എസ്.പി. / എ.സി.)–മാർ അതാത് താലൂക്ക് കൺട്രോൾ റൂമുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് മാത്രമേ ഇനിമേൽ പോലീസ് ആക്ട് 2011, വകുപ്പ് 77 പ്രകാരവും, കേന്ദ്ര മലിനീകരണ (ക്രമീകരണവും, നിയന്ത്രണവും) ചട്ടങ്ങൾ പ്രകാരവുമുള്ള അനുമതി നൽകേണ്ടതുള്ളു. അനുമതി ലഭിക്കുന്ന വ്യക്തികൾ /സ്ഥാപനങ്ങൾ മൈക്ക് ഓർഡറിന്റെ പകർപ്പ് പ്രവർത്തിപ്പിക്കുന്നതിനു മുമ്പ് തന്നെ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് നൽകി കൈപ്പറ്റ് രസീത് നേടിയിരിക്കേണ്ടതാണ്.

4. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും, അനുമതിപത്രത്തിന്റെയും അസ്സൽ ഉച്ചഭാഷിണി പ്രവർത്തിക്കുന്ന സ്ഥലത്തെ പ്രധാന നിയന്ത്രണ ഉപകരണ (മെയിൻ ഓപ്പറേറ്റിംഗ് കൺസോൾ)–ന്റെ സമീപം പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. സബ്–ഇൻസ്പെക്ടർ ഓഫ് പോലീസ്, വില്ലേജ് ഓഫീസർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന സമയത്ത് പരിശോധാനയാക്കായി അവ നൽകേണ്ടതാണ്.

5. ഈ വ്യക്തികൾ / സ്ഥാപനങ്ങൾ മേലിൽ ഉച്ചഭാഷിണികൾ മുതലായവ പ്രവർത്തിപ്പിക്കുമ്പോൾ (സ്വന്തമായിട്ടോ, മറ്റ് വ്യക്തികൾ /സ്ഥാപനങ്ങൾക്കുവേണ്ടയോ) വ്യവസായ മേഖലയിൽ 75–നും, 70–നും ഇടയിലും വാണിജ്യമേഖലയിൽ 55–നും, 45–നും ഇടയിലും, ആശുപത്രി, വിദ്യാലയങ്ങൾ എന്നിവയുടെ 100 മീറ്റർ പരിധിയ്ക്കുള്ളിലെ നിശബ്ദമേഖലയിൽ 50–നും 40–നും ഇടയിലും ആവൃത്തിയിൽ മാത്രം നിർബന്ധമായും പ്രവർത്തിക്കേണ്ടതാണ്. ഇാവിലെ 6 മുതൽ 10 മണിവരെ മാത്രം ഉച്ചഭാഷിണികൾ /മൈക്രോഫോൺ /മറ്റ് വാദ്യോപകരണങ്ങൾ എന്നിവ പ്രവർത്തിപ്പിക്കുക എന്ന നിബന്ധന കർശനമായും പാലിക്കേണ്ടതാണ് (ഇവയിൽ അതാത് മേഖലയിൽ 10 ഡെസിബെൽ ഇളവ് അനുവ

ദിക്കുന്നതുമാണ്.  എന്നാൽ പരമാവധി 75 ഡെസിബെൽ അധികരിക്കാൻ പാടില്ലാത്തതുമാണ്).

6. ആശുപത്രികൾ/ വിദ്യാലയങ്ങൾ തുടങ്ങിയവയുടെ 100 മീറ്റർ പരിധിയ്ക്കുള ളിലെ നിശബ്ദ മേഖലയിൽ സൗണ്ട് ആംപ്ലിഫയർ ഉപയോഗിച്ച് 50 ഡെസിബെലിന് മുകളിൽ ശബ്ദം പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ്.

7. ജില്ലയിൽ ഉടനീളം ഡ്രം, ഹോൺ മുതലായ ഉയർന്ന ശബ്ദനിലവാരമുള്ള ഉപകരണങ്ങളാൽ ശബ്ദം പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ്. ബോക്സ് ടൈപ്പ് ശബ്ദ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാൻ അനുവാദമുള്ളൂ.  ശബ്ദ മലിനീകരണ (ക്രമീകരണവും, നിയന്ത്രണവും) ചട്ടം 2000 പ്രകാരമുള്ള ഷെഡ്യൂൾ ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഇതോടൊപ്പം ചേർക്കുന്നു.

8. ആഡിറ്റോറിയം / സമ്മേളന മുറികൾ/ കമ്മ്യൂണിറ്റി ഹാൾ / സദ്യാലയങ്ങൾ മുതലായ തുറസ്സല്ലാത്ത സ്ഥലങ്ങളിൽ പുറത്ത് കേൾക്കാൻ പറ്റാത്തവിധം രാത്രി 10 മണിയ്ക്ക് ശേഷവും രാവിലെ 6 മണിയ്ക്ക് മുൻപും പ്രവർത്തിപ്പിക്കാവുന്നതും, ആയതിന്  പ്രത്യേക അനുമതി നേടിയിരിക്കേണ്ടതുമാണ്.

9. രജിസ്റ്റർ ചെയ്യാത്ത ഉപകരണങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടേണ്ടതും, അതാത് അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് / ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ഇന്ത്യൻ ക്രിമിനൽ നടപടി ചട്ടം 1973 പ്രകാരം മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

10. ആദ്യലംഘനത്തിന്  ഒരു താക്കീത് നോട്ടീസ്  സബ്-ഇൻസ്പെക്ടർ ഓഫ് പോലീസ് അല്ലെങ്കിൽ വില്ലേജ് ഓഫീസർമാർ നൽകേണ്ടതും,  നോട്ടീസിന്റെ പകർപ്പ് അതാത് തഹസിൽദാർമാർക്ക് നൽകേണ്ടതുമാണ്. വീഴ്ച ആവർത്തിക്കുന്നപക്ഷം  കേരള പോലീസ് ആക്ട്, ഇന്ത്യൻ ശിക്ഷാനിയമം മുതലായവ പ്രകാരം  കേസ് രജിസ്റ്റർ ചെയ്യുന്നതോടൊപ്പം പിഴ  ഏർപ്പെടുത്തേണ്ടതുമാണ്. മാത്രമല്ല വീണ്ടും നയമലംഘനം ആവർത്തിക്കുന്ന സ്ഥാപനങ്ങളുടെ/വ്യക്തികളുടെ ശബ്ദോപകരണങ്ങൾ/ഉച്ചഭാഷിണികൾ മറ്റൊരു അറിയിപ്പില്ലാതെ കണ്ടുകെട്ടുന്നതുമാണ്.  ഇപ്രകാരം കണ്ടെടുക്കപ്പെട്ട സ്ഥാപനത്തിനോ, ഉടമയ്ക്കോ കൈവശക്കാരനോ/സൂക്ഷിപ്പുകാരനോ  ഒരു  വർഷക്കാലാവധിയിലേയ്ക്ക് ഇത്തരം യാതൊരു ശബ്ദോപകരണങ്ങളും പ്രവർത്തിപ്പിക്കാനുള്ള അനുമതി നിഷേധിക്കുന്നതാണ്.

11. രജിസ്ട്രേഷനായി നൽകുന്ന അപേക്ഷാഫാറത്തിൽ വ്യാജ സത്യപ്രസ്താവനയോ, വസ്തുതകൾ മറച്ചുവച്ചുകൊണ്ടുള്ളതോ, തെറ്റായതോ ആണ് എന്ന്

കണ്ടെത്തിയാലും, രജിസ്ട്രേഷൻ റദ്ദാക്കുന്നതും, ഒരു വർഷക്കാലം പ്രവർത്ത നാനുമതി നിഷേധിക്കുന്നതുമാണ്. ഇത്തരം നിയമലംഘനം നടത്തുന്ന സ്ഥാപ നങ്ങളുടെയും രജിസ്ട്രേഷൻ മുന്നറിയിപ്പ് ഇല്ലാതെ ഉടൻ പ്രാബല്യത്തിൽ റദ്ദാ ക്കുന്നതാണ്.

12. അന്യ ജില്ലാകളിൽ നിന്നോ, സംസ്ഥാനങ്ങളിൽ നിന്നോ ഉത്സവങ്ങൾക്കും മറ്റും ജില്ലയിലേക്ക് കൊണ്ടുവരുന്ന ശബ്ദ ഉപകരണങ്ങൾ താല്ക്കാലിക രജി സ്ട്രേഷൻ നേടിയിരിക്കേണ്ടതും, ജില്ലയിലെ ഈ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ട തുമാണ്. ഇത് പാലിക്കാത്തതിന് സംഘാടകരോ, ജില്ലയിലെ കരാറുകാരൊ, ബന്ധപ്പെട്ട വിതരണക്കാരനോ ഉത്തരവാദിയായിരിക്കുന്നതാണ്.

13. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അതാത് തഹസിൽദാർമാർ, സ്ഥലപരിശോധന നടത്തി ശബ്ദം അളക്കുന്ന ഉപകരണങ്ങളുടെ (സൗണ്ട് ലെവൽ മീറ്ററ്റേഴ്സ്) സഹായത്തോടെ ആവൃത്തി അളക്കേണ്ടതും, അളവ് രേഖപ്പെടുത്തി വിശദമായ നോട്ടീസ് അതാത് ശബ്ദോപകരണങ്ങളുടെ ഉടമയ്ക്കോ, വിതരണക്കാരനോ, ഓപ്പറേറ്റർക്കോ (ആരാണ് പ്രസ്തുത സ്ഥലത്ത് ലഭ്യമായത് അവർക്ക്) സ്ഥല ത്തുവച്ചുതന്നെ നൽകേണ്ടതാണ്. മലിനീകരണ നിയന്ത്രണ ബോർഡ് എഞ്ചി നീയർമാർ ആവശ്യമായ സാങ്കേതിക സഹായം തഹസിൽദാർമാർ ആവശ്യപ്പെ ടുന്നപക്ഷം നൽകേണ്ടതാണ്.

14. പരാതികൾ, മേൽ പരാമർശിച്ച നിയമലംഘനങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതാത് തഹസിൽദാർ / എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, വില്ലേജ് ഓഫീസർ ഉടൻ തന്നെ പരിശോധിച്ച് അതാത് താലൂക്ക് ഓഫീസുകളിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിൽ മേൽ നടപടി യ്ക്കായി കൈമാറേണ്ടതാണ്. പരാതി നൽകുന്നവർ പൂർണ്ണമായ പേര്, മേൽവി ലാസം, ടെലിഫോൺ നമ്പരുണ്ടെങ്കിൽ അത് പരാതി അടിസ്ഥാനമായ വസ്തു തകൾ എന്നിവ ബോധിപ്പിക്കേണ്ടതാണ്.

15. ജില്ലയിലെ താലൂക്ക് കൺട്രോൾ റൂമുകളിലെ ഓഫീസർ–ഇൻ ചാർജ്ജ് അതാത് താലൂക്ക് പരിധികളിലെ മേൽ പ്രസ്താവിച്ചതരം രജിസ്ട്രേഷന്റെയും, സർട്ടിഫി ക്കേഷന്റെയും ചുമതല നിർവ്വഹിക്കേണ്ടതാണ്. നിശ്ചിത ഫോറത്തിൽ അപേക്ഷ സ്വീകരിക്കേണ്ടതും, നിശ്ചിത ഫോർമാറ്റിൽ രജിസ്ട്രേഷൻ നൽകു കയും വേണം. ഉപകരണങ്ങളുടെ രജിസ്ട്രേഷൻ അതോറിറ്റിയായി പ്രവർത്തി ക്കേണ്ടതും രജിസ്ട്രേഷന്റെ കാലാവധി, മറ്റ് വിശദവിരങ്ങൾ എന്നിവ അടങ്ങിയ

രജിസ്റ്റർ സൂക്ഷിക്കുകയും, രജിസ്ടേഷൻ വകുപ്പിന്റെ സാങ്കേതിക സഹായ ത്തോടെ രജിസ്ട്രേഷൻ നടപടികൾ നിയമ വിധേയമാക്കേണ്ടതുമാണ്.

16. അതാത് അധികാര പരിധിയിൽ ഈ ഉത്തരവിന്റെ ലംഘനം ഉണ്ടാകുന്ന പക്ഷം അതാത് വില്ലേജ് ഓഫീസർ, സ്ററേഷൻ ഹൗസ് ഓഫീസർ പരിശോധിച്ച് അതാത് സ്റ്റേഷൻ ഹൗസ് ഓഫീസർ / താലൂക്ക് കൺട്രോൾ റൂം എന്നിവയെ അിറയിക്കേണ്ടതാണ്. രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഏതു സമ യത്തും ആവശ്യപ്പെടാവുന്നതും, പരിശോധിക്കാവുന്നതുമാണ്.

17. തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവരുടെ ഉത്തരവുകളിന്മേൽ ആക്ഷേപ മുള്ള പക്ഷം ആയവ 15 ദിവസത്തിനുള്ളിൽ തിരുവനന്തപുരം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മുമ്പാകെ അപ്പീൽ സമർപ്പിക്കേണ്ടതും അതിനുശേഷം എ. ഡി.എം കക്ഷികളെ നേരിൽ കേട്ടും, മറ്റും കൈക്കൊള്ളുന്ന തീരുമാനം അന്തി മമായിരിക്കും.

18. മേൽ ഉത്തരവ് കർശനമായി പാലിക്കുന്നുവെന്ന് ജില്ലാ പോലീസ് മേധാവികൾ (തിരുവനന്തപുരം സിറ്റി / റൂറൽ), എന്നിവിടങ്ങളിലെ അതാത് താലൂക്ക് തഹ സിൽദാർമാർ എന്നിവർ ഉറപ്പുവരുത്തേണ്ടതും, ആയതിലേയ്ക്കുള്ള സാങ്കേതിക സഹായങ്ങൾ ജില്ലാ ഓഫീസർ (മലിനീകരണ നിയന്ത്രണ ബോർഡ്) ലഭ്യമാ ക്കേണ്ടതുമാണ്. ഇതിനായി തഹസിൽദാർമാർ അടിയന്തിരമായി മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി അധികാരപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥർ റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത പരിശോധന സംഘം രൂപീകരി ക്കേണ്ടതും, അടിയന്തിരമായി ശബ്ദോപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ നിയമ ലംഘനം നടക്കുന്ന സ്ഥലങ്ങൾ എന്നിവ സന്ദർശിച്ച് ജില്ലാ പോലീസി മേധാവികൾക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

19. പൊതുജനങ്ങൾക്ക് ശബ്ദമലിനീകരണം സംബന്ധിച്ചുള്ള പരാതികൾ താഴെപ്പ റയുന്ന കൺട്രോൾ റൂം നമ്പരുകളിൽ വിളിച്ചറിയിക്കാവുന്നതാണ്.

| | |
|---|---|
| കളക്ടറേറ്റ് | –0471 2730045, 2730067 |
| തിരുവനന്തപുരം താലൂക്ക് ഓഫീസ് | –0471 2462006 |
| നെയ്യാറ്റിൻകര താലൂക്ക് ഓഫീസ് | –0471 2222227 |
| കാട്ടാക്കട താലൂക്ക് ഓഫീസ് | –0471 2291414 |
| നെടുമങ്ങാട് താലൂക്ക് ഓഫീസ് | –0472 2802424 |

ചിറയിൻകീഴ് താലൂക്ക് ഓഫീസ് –0470 2622406

വർക്കല താലൂക്ക് ഓഫീസ് –0470 2613222

20. ഈ ഉത്തരവിന്മേൽ ആക്ഷേപമോ, അഭിപ്രായമോ, ഇതുമായി ബന്ധപ്പെട്ട വർക്കുണ്ടെങ്കിൽ, ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 30 ദിവസത്തിനുള്ളിൽ രേഖാ മൂലം നൽകേണ്ടതും, അതിനുശേഷം ഈ ഉത്തരവ് അന്തിമമാകുന്നതുമാണ്. 30 ദിവസ കാലയളവിനുശേഷം പ്രസിദ്ധീകരിക്കുന്ന ഉത്തരവ് ജില്ലയിൽ പൂർണ്ണ മായും പ്രാബല്യത്തിൽ വരുന്നതും, അപ്രകാരം വന്നു കഴിഞ്ഞാൽ അവ വീഴ്ച കൂടാതെ പാലിക്കപ്പെടാൻ ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും നിർദ്ദേശം നൽകുന്നു.

2014 സെപ്റ്റംബർ മാസം 23–ാം തീയതി പ്രകാരം എന്റെ കൈയ്യൊപ്പും, മുദ്രയും പതിച്ചിരിക്കുന്നു.

ജില്ലാ മജിസ്ട്രേറ്റ്

1. ജില്ലയിലെ എല്ലാ ഉച്ചഭാഷിണി/സൗണ്ട് സിസ്റ്റം ഉടമസ്ഥർക്കും.
2. ജില്ലാ പോലീസ് മേധാവി (സിറ്റി/റൂറൽ )
3. ഡെപ്യൂട്ടി കമ്മിഷണർ ഓഫ് പോലീസ് (ലാ & ഓർഡർ ) തിരുവനന്തപുരം സിറ്റി
4. അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ്
5. സബ് കളക്ടർ, തിരുവനന്തപുരം
6. എല്ലാ തഹസിൽദാർമാർക്കും
7. എല്ലാ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് / അസിസ്റ്റന്റ് കമ്മിഷണർക്കും
8. എല്ലാ സർക്കിൾ ഇസ്പെക്ടർമാർക്കും
9. എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും
10. എല്ലാ വില്ലേജ് ഓഫീസർമാർക്കും.